ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റിന്റെ ബോണ്ടുകൾ വഴി സമാഹരിക്കുന്ന പൊതു കടത്തിന് 14% മുതൽ 6.20% വരെ പലിശ നിരക്ക് ബാധകമാണ്. ഇതുകൂടാതെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ പലിശനിരക്ക് താഴെപ്പറയും പ്രകാരമാണ്:

എൽ.ഐ.സി.	8% —13%
ജി.ഐ.സി.	8.5% —13%
നബാർഡ്	13% —7.5%
എൻ.സി.ഡി.സി.	12% —16%
എ. ഡി. ബി.	10.5%

(ബി) ഗവൺമെന്റ് ബോണ്ടുകളുടെ കാലാവധി 10 വർഷമാണ്. നിലവിലുള്ള ബോണ്ടുകളുടെ തുക 2013-ഓടെ തിരിച്ചു നൽകിക്കഴിയും. എൽ.ഐ.സി./ജി.ഐ.സി. വായ്പകൾ 2027 ആകുമ്പോഴേയ്ക്കും തിരിച്ചടയ്ക്കാനാകും. നബാർഡ് വായ്പകൾ 2012-ഓടെയും അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന ADB വായ്പ 20 വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടതാണ്.

(സി) റിസർവ്വ് ബാങ്കിന്റെ ഏറ്റവും ഒടുവിലത്തെ പ്രഖ്യാപനം അനുസരിച്ചുള്ള പലിശ നിരക്ക് 6.20 % ആണ്.

(ഡി) റിസർവ്വ് ബാങ്ക് സംസ്ഥാനങ്ങളുടെ ഋണബാദ്ധ്യത ലഘൂകരിക്കുന്നതിനായി Debt Swap Scheme എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) പലിശയിനത്തിൽ വരുന്ന കുറവ് വിലയിരുത്താറായിട്ടില്ല.

ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്ക് വകയിരുത്തിയ തുക

2 [4740] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ എത്ര കോടി രൂപയുടെ വാർഷിക പദ്ധതിയായിരുന്നു വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതിൽ കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്ക് മാത്രമായി ഓരോ വർഷവും വകയിരുത്തിയ തുക എത്ര വീതമായിരുന്നു;

(സി) ഈ കാലയളവിൽ ഓരോ വർഷവും കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്കായി ചെലവ് ചെയ്ത തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്താം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിലും ബഡ്ജറ്റിലും വകയിരുത്തിയ മൊത്തം തുക എത്ര വീതമായിരുന്നു;

(ഇ) കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്ക് മാത്രമായി വകയിരുത്തിയ തുകകൾ സംബന്ധിച്ച് വിശദമാക്കാമോ;

(എഫ്) 2002-03-ൽ കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്ക് വകയിരുത്തിയ തുകയിൽ എന്തുതുക വീതം ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വിഭാവനം ചെയ്ത തുക ചുവടെ ചേർക്കും പ്രകാരമാണ്:

വർഷം	മൊത്തം പദ്ധതി വിഹിതം കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ഉൾപ്പെടെ (രൂപ കോടിയിൽ)
1997-1998	3473.15
1998-1999	3558.72
1999-2000	3776.18
2000-2001	4014.43
2001-2002	3547.26

(ബി) (രൂപ കോടിയിൽ)

വർഷം	കൃഷി	ഊർജ്ജം	വ്യവസായം
1997-1998	198.57	627.00	211.33
1998-1999	332.22	664.10	270.94
1999-2000	338.26	664.10	257.44
2000-2001	371.66	662.70	279.82
2001-2002	325.57	519.00	240.85

(സി) (രൂപ കോടിയിൽ)

വർഷം	കൃഷി	ഊർജ്ജം	വ്യവസായം
1997-1998	194.45	535.87	231.14
1998-1999	233.98	655.82	235.56
1999-2000	220.03	603.08	216.67
2000-2001	220.33	624.28	170.15
2001-2002	195.81	456.38	126.32

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്താം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ മൊത്തം 4476.10 കോടി രൂപയാണ് വകയിരുത്തിയത്.

(ഇ) പത്താം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ കൃഷിക്ക് 319.28 കോടി രൂപയും ഊർജ്ജത്തിന് 610.00 കോടി രൂപയും വ്യവസായത്തിന് 210.39 കോടി രൂപയുമാണ് വകയിരുത്തിയത്.

(എഫ്) കണക്കുകൾ ലഭ്യമല്ല.

ധനവിഹിതം വർദ്ധിപ്പിക്കാൻ 12-ാം ധനകാര്യ കമ്മീഷന് നിവേദനം

3 [4741] ശ്രീ. മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനവിഹിതം സംബന്ധിച്ച് 12-ാം ധനകാര്യ കമ്മീഷനുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് എന്നുമുതലാണ് നിലവിൽ വരുന്നത്;

(സി) സംസ്ഥാനങ്ങൾക്ക് വിഹിതം നിശ്ചയിക്കുന്നതിൽ ധനകാര്യ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് ദോഷകരമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് ധനവിഹിതം വർദ്ധിപ്പിച്ച് നൽകണം എന്ന് കാണിച്ച് 12-ാം ധനകാര്യ കമ്മീഷന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത നിവേദനത്തിൽ പ്രധാനമായി എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല. എന്നാൽ 17-7-2003-ൽ 12-ാം ധനകാര്യ കമ്മീഷൻ ചെയർമാൻ ശ്രീ. സി. രംഗരാജനും മറ്റുരണ്ട് അംഗങ്ങളും കേരളം സന്ദർശിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി ഇക്കാര്യങ്ങളെപ്പറ്റി അനൗപചാരികമായ ചർച്ച നടത്തുകയുണ്ടായി.

(ബി) 1-4-2005 മുതൽ.

(സി) ഉണ്ട്.

(ഡി, ഇ) ഇല്ല. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly